**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4506** **06-03-2023 - ൽ മറുപടിയ്ക്ക്**

**ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ ഏകീകൃത ബ്രാൻഡിംഗിന് കീഴിൽ കൊണ്ടുവന്ന് വിപണിയിൽ സജീവമാക്കുന്നതിനായി ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ് എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | സഹകരണ സംഘങ്ങൾ ഇപ്പോൾ ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുക്കുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ ഉല്പന്നങ്ങൾ ലഭ്യമാക്കുക, ദേശീയ അന്തർദേശീയ വിപണിയിലേക്ക് ചുവടുവയ്ക്കുക, പ്രധാന സ്ഥലങ്ങളിൽ ഔട്ട്-ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധനാ ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക എന്നിവയാണ് സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന “ബ്രാന്റിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്” എന്ന പദ്ധതിയുടെ ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ? | (ബി) | പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത സർട്ടിഫിക്കേഷൻ മാർക്ക് നല്കുന്നതിന് **coopkerala** എന്ന ട്രേഡ് മാർക്ക് രൂപകല്പന ചെയ്യുകയും ആയതിനു 1999 ലെ ട്രേഡ് മാർക്സ് ആക്ട് പ്രകാരം സെൻട്രൽ ഗവൺമെന്റ് ട്രേഡ് മാർക്ക് രജിസ്ട്രിയിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളതുമാണ്.<br><br>സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങൾക്ക് **coopkerala** സർട്ടിഫിക്കേഷൻ മാർക്ക് നല്കുന്നതിനായി സർക്കാരിന്റെ അനുമതിയോടെ ഹൈപവർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ട് **coopkerala** സർട്ടിഫിക്കേഷൻ മാർക്ക് നല്കി വരുകയാണ്.<br><br>14 സഹകരണ സംഘങ്ങൾ ഇതിനകം coopmart കൾ ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | coopmart നടത്തുന്ന സംഘങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | കടകംപള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം |
| 2 | കൊല്ലം | കരുനാഗപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ |

| | | |
|---|---|---|
| | | 1343, |
| 3 | പത്തനംതിട്ട | പറക്കോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം |
| 4 | ആലപ്പുഴ | കഞ്ഞിക്കുഴി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1558 |
| 5 | കോട്ടയം | കുമാരനെല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3898 |
| 6 | ഇടുക്കി | തങ്കമണി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ. 281 |
| 7 | എറണാകുളം | ഒക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം |
| 8 | തൃശൂർ | കല്ലംകുന്നു സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം |
| 9 | പാലക്കാട് | കണ്ണമ്പ്ര സർവ്വീസ് സഹകരണ ബാങ്ക് എഫ്. 1221, |
| 10 | മലപ്പുറം | കോഡൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ F.1523 |
| 11 | കോഴിക്കോട് | ചേവായൂർസർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം |
| 12 | വയനാട് | വയനാട് ജില്ലാ ഡ്രൈവേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ W.14 |
| 13 | കണ്ണൂർ | കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ F.1262 |
| 14 | കാസർഗോഡ് | കാസർഗോഡ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി.862 |

കോപ്പ്മാർട്ടുകളുടെ എണ്ണം ഘട്ടം ഘട്ടമായി വർദ്ധിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കൂടുതൽ coopmart കൾ ആരംഭിക്കുന്നതിന് ജില്ലകളിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടുള്ളതും ആയതുപ്രകാരം പുതിയ coopmart കൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുകയുമാണ്.

സെക്ഷൻ ഓഫീസർ